# തകിടം മറിക്കപ്പെടുന്ന മുൻഗണനാക്രമങ്ങൾ

-ഡോ. സ്വാലിഹ് അസ്‌സ്വാലിഹ്



بسم الله الرحمن الرحيم

# തകിടം മറിക്കപ്പെടുന്ന മുൻഗണനാക്രമങ്ങൾ

*“അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, കളവ്, വഞ്ചന, അനീതി, ലൈംഗി കാരാജകത്വം, ഇഹലോകജീവിതത്തോടുള്ള പ്രതിപത്തി, അജ്ഞത, ഗൂഢപ്രവർത്തനങ്ങൾ, ഖബറാരാധന, പക്ഷപാതിത്വം, ഇങ്ങനെ പോകുന്നു തിൻമകളുടെ നിര ......എന്നാലും നാം അഹംഭാവത്തോടു കൂടി പറയും:*

*“നമ്മുടെ പ്രധാന പ്രശ്നം നമ്മുടെ നേതാക്കളാണ്...!!!”*

*ഇതാണോ യഥാർത്ഥ പ്രശ്നം?*

*അല്ലാഹു പറയുന്നു:*

إِنَّ ٱللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ ۗ

ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച. (റഅ്ദ്: 11)

ഇമാം ഇബ്നുൽ ഖയ്യിം പറഞ്ഞു:

“അല്ലാഹുവിൻെറ ഹിക്മത്തിനെ കുറിച്ച് ചിന്തിച്ചു നോക്കുക: ജനങ്ങളുടെ കർമങ്ങൾ ഏതു തരത്തിലുള്ളതാണോ ആ തരത്തിലുള്ള നേതാക്കളെയും രാജാക്കളേയും അധികാരികളേയും അവർക്കല്ലാഹു നൽകി. സ്വന്തം കർമങ്ങൾ നേതാക്കളുടെയും ഭരണാധികാരികളുടെയും രൂപത്തിൽ തങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടതുപോലെ അവർക്കനുഭവപ്പെട്ടു.

ജനങ്ങൾ നൻമയിലാണെങ്കിൽ, അവരുടെ നേതാക്കളും ഭരണാധികാരികളും നൻമയിലായിരിക്കും. അവർ അതിൽ നിന്നും തിരിഞ്ഞു കളയുകയാണെങ്കിൽ, അവരുടെ നേതാക്കൾ അവരിൽ നിന്നും തിരിഞ്ഞു കളയും. അവർ അക്രമവും ക്രൂരതയും കാണിക്കുകയാണെങ്കിൽ, നേതാക്കളും ഭരണാധികാരികളും അവരോട് അക്രമവും ക്രൂരതയും കാണിക്കും. അവരിൽ ചതിയും വഞ്ചനയും പ്രകടമാവുകയാണെങ്കിൽ, സമാനമായത് അവരുടെ നേതാക്കളിലും പ്രകടമാകുന്നതാണ്.

അല്ലാഹുവിനുള്ള അവകാശങ്ങൾ പൂർത്തീകരിച്ചു കൊടുക്കുന്നതിൽ നിന്നും ജനങ്ങൾ മാറി നിൽക്കുകയും അതിൽ വീഴ്ച വരുത്തുകയും ചെയ്യുകയാണെകിൽ, അവരുടെ നേതാക്കളും ഭരണാധികാരികളും അവർക്കുള്ള അവകാശങ്ങൾ പൂർത്തീകരിച്ചു കൊടുക്കുന്നതിൽ നിന്ന് മാറി നിൽക്കുകയും അതിൽ വീഴ്ച വരുത്തുകയും ചെയ്യും. അക്രമത്തിലൂടെ അനർഹമായത് സമ്പാദിക്കുകയാണെകിൽ, ഭരണാധികാരികളും ജനങ്ങളിൽ നിന്ന് അനർഹമായ രീതിയിൽ പിടിച്ചെടുക്കുകയും, അവരുടെ മേൽ നികുതികൾ ചുമത്തുകയും, കഠിനജോലികൾ ഏൽപിക്കുകയും ചെയ്യും. പീഢിതരിൽ നിന്നും അക്രമമായി ജനങ്ങൾ എന്തൊക്കെ പിടിച്ചെടുത്തുവോ, അതെല്ലാം അവരുടെ ഭരണാധികാരികളും അവരിൽ നിന്ന് ബലം പ്രയോഗിച്ച് പിടിച്ചെടുക്കും.

അതെ, സ്വന്തം കർമങ്ങളുടെ പ്രതിരൂപത്തിൽ തന്നെയായിരിക്കും തങ്ങളുടെ മേൽ അധികാരമേൽപ്പിക്കപ്പെട്ട ഭരണാധികാരികളും പ്രത്യക്ഷപ്പെടുക. പാപികളെയും ദുഷ്ടരെയും, അതേ രൂപത്തിലുള്ളവരല്ലാതെ ഭരിക്കരുതെന്നത് ദിവ്യജ്ഞാനത്തിൻെറ തീരുമാനമാണ്.

ആദ്യകാലക്കാരായ മുസ്ലിംകൾ ഏറ്റവും ഉത്തമരും സച്ചരിതരും ആയതിനാൽ, അവരുടെ ഭരണാധികാരികളും അപ്രകാരമുള്ളവരായി. എന്നാൽ, ജനങ്ങൾ ദുർബ്ബലരായപ്പോൾ, നേതാക്കളും അതേ രൂപത്തിലുള്ളവരായി.

ഇക്കാലത്ത്[1], അബൂബക്റിൻെറയും ഉമറിൻെറയും താഴെ നിൽക്കുന്ന മുആവിയയെയും ഉമർ ഇബ്നു അബ്ദിൽ അസീസിനെയും പോലെയുള്ള ഭരണാധികാരികൾ നമ്മുടെ അധികാരംവാഴണമെന്നത് അല്ലാഹുവിൻെറ ഹിക്മത്തിന് യോജിക്കുന്നതല്ല. പ്രത്യുത, നമ്മുടെ പദവിക്കും നിലപാടിനുമനുസരിച്ചുള്ളതായിരിക്കും നമ്മുടെ നേതാക്കൾ. നമുക്ക് മുമ്പുള്ളവരെ ഭരിച്ചവർ അന്നത്തെ ജനങ്ങളുടെ പദവിക്കും നിലപാടിനുമനുസരിച്ചുള്ളവരായിരുന്നു. ഈ രണ്ടു കാര്യങ്ങളും (മുമ്പത്തെ ഭരണാധികാരികളും ഇന്നത്തെ ഭരണാധികാരികളും) അല്ലാഹുവിൻെറ ഹിക്മത് അനുസരിച്ചുള്ളതാണ്."[2]

അല്ലാഹുവിലേക്ക് മടങ്ങുകയും ആദ്യകാല മുസ്ലിംകളെ വിജയത്തിലേക്ക് നയിച്ച മാർഗങ്ങൾ പിൻപറ്റുകയും ചെയ്താൽ മാത്രമേ മുസ്ലിം ഉമ്മത്തിൻെറ ഇന്നത്തെ അവസ്ഥക്ക് മാറ്റം വരികയുള്ളൂ. ശറഈ പ്രമാണങ്ങളും ആദ്യകാല

---

[1] ഇബ്നുൽ ഖയ്യിമിൻെറ കാലഘട്ടമാണ് ഇവിടെ ഉദ്ദേശം. ഹി. 691 (ക്രി.വ. 1292)ൽ ജനിക്കുകയും ഹി. 751 (ക്രി.വ. 1350)ൽ മരിക്കുകയും ചെയ്ത മഹാനാണ് അദ്ദേഹം.

[2] ഇബ്നുൽ ഖയ്യിമിൻെറ *മിഫ്താഹു ദാറുസ്സഅദ, വാ. 1, പേ. 177-178. ദാറു ഇബ്നു അഫ്ഫാൻ* പ്രസിദ്ധീകരിച്ചത്.

മുസ്ലിംകളുടെ ഇജ്മാഉം മാത്രമല്ല, ബുദ്ധിയും അനുഭവവും അതു തന്നെയാണ് നമുക്ക് പറഞ്ഞു തരുന്നത്. ചുരുങ്ങിയ വാക്കുകളിലൂടെയാണെകിലും സാരവത്തായ രീതിയിൽ ഇമാം മാലിക് അതു പറഞ്ഞു തന്നു:

“ആദ്യകാല മുസ്ലിം ഉമ്മത്തിന് പ്രയോജകീഭവിച്ച ഒന്നുകൊണ്ടു മാത്രമേ ഇക്കാലമുസ്ലിം ഉമ്മത്തിനും പ്രയോജനം ലഭ്യമാകൂ”

ഭരണാധികാരികളിലൂടെയാണ് മാറ്റം വരുന്നതെന്ന് ധരിച്ച്, അവരെ എതിരിടുന്ന മാർഗം സ്വീകരിക്കുന്നവർ വഴികേടിന്റെ പാതയാണ് പിന്തുടരുന്നത്. എല്ലാ നിലക്കും വിഫലമാണെന്ന് തെളിയിക്കപ്പെട്ട ഒരു മാർഗമാണത്. *മുഹ്കമായ*(വ്യക്തമായ) വചനങ്ങൾക്ക് പകരം *മുതശാബിഹായ*(അവ്യക്തമായ) വചനങ്ങളെ സ്വീകരിച്ച ഖവാരിജുകളും ഇതേ പാത തന്നെയാണ് മുമ്പ് പിന്തുടർന്നിരുന്നത്. മുതശാബിഹുകളെ പിന്തുടരുന്നത് ഫിത്ന(ആപത്ത്)യുടെ മാർഗമാണ്. സ്വഹാബികളായ ഭരണാധികാരികൾക്കെതിരിൽ വിപ്ലവം നയിച്ചത് ആ മാർഗം സ്വീകരിച്ചവരാണ്. ഇന്ന് രക്തച്ചൊരിച്ചിലുകൾക്കും, പീഡനങ്ങൾക്കും, ദഅ്‌വത്ത് തടസ്സപ്പെടുന്നതിനും കാരണമായ പ്രധാന സംഗതിയുമാണത്. അല്ലാഹുൽ മുസ്തആൻ.

ഇത് മതപരമായ ഒരു കാര്യമാണ്; വികാരത്തിന്റെ വിഷയമല്ല. ഭരണകർത്താക്കൾ തങ്ങളെ പീഡിപ്പിക്കുകയും, ധനം കവർന്നെടുക്കുകയും ചെയ്യുകയാണെകിൽ പോലും, പാപം ചെയ്യാൻ അവർ വിശ്വാസികളെ നിർബന്ധിക്കാത്തിടത്തോളം, സത്യവിശ്വാസികൾ അവരെ അനുസരിച്ചു കൊള്ളണമെന്ന് കൽപിക്കുന്ന ധാരാളം തെളിവുകൾ പ്രമാണങ്ങളിലുള്ളതിനാൽ, ആ കൽപന അനുസരിക്കുകയും അതിന് കീഴൊതുങ്ങുകയും ചെയ്യുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. അതല്ലെകിൽ നാം ഒരു പുതിയ മതം സൃഷ്ടിച്ചെടുക്കുകയാകും ഫലം. അല്ലാഹു പറയുന്നു:

فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

*ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.* (നൂർ: 63)

“പ്രവാചകന്റെ കാലത്ത് ദീനല്ലാത്തതൊന്നും തന്നെ ഇന്ന് ദീനിന്റെ ഭാഗമായി പരിഗണിച്ചു കൂടാ.” (ഇമാം മാലിക്)

ഇനിയും, റസൂലിന്റെ മാർഗത്തിനെതിരായി നിലകൊള്ളാൻ ആരെകിലും ഉദ്ദേശിക്കുന്നുവെകിൽ, അവൻ ഈ വചനം ഓർത്തു കൊള്ളട്ടെ,

وَمَن يُشَاقِقِ ٱلرَّسُولَ مِنۢ بَعۡدِ مَا تَبَيَّنَ لَهُ ٱلۡهُدَىٰ وَيَتَّبِعۡ غَيۡرَ سَبِيلِ ٱلۡمُؤۡمِنِينَ نُوَلِّهِۦ مَا تَوَلَّىٰ وَنُصۡلِهِۦ جَهَنَّمَۖ وَسَآءَتۡ مَصِيرًا ﴿١١٥﴾

*തനിക്ക് സന്‍മാര്‍ഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിര്‍ത്ത് നില്‍ക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാര്‍ഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവന്‍ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!* (നിസാഅ്: 115)

പരമകാരുണികനായ അല്ലാഹു നമ്മെയെല്ലാം സത്യത്തിലേക്ക് നയിക്കുകയും, അതില്‍ ഉറപ്പിച്ചു നിര്‍ത്തുകയും ചെയ്യുമാറാകട്ടെ. അവന്‍ നമ്മെയെല്ലാം ഫിത്നയില്‍ നിന്ന് മോചിപ്പിക്കുകയും അവന്‍റെ മാര്‍ഗത്തിലൂടെ വഴിനടത്തുകയും ചെയ്യുമാറാകട്ടെ.

ആമീന്‍.